**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 456** **24-03-2025 - ൽ മറുപടിയ്ക്ക്**

**പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും ഒരു 'പാലിയേറ്റീവ് കെയർ ഗ്രിഡ്' സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഈ ഗ്രിഡിലൂടെ പാലിയേറ്റീവ് കെയർ സേവനം ആവശ്യമായി വരുന്ന രോഗികളുടെയും സേവന ദാതാക്കളുടെയും വിവരങ്ങൾ തൽസമയം വീക്ഷിക്കാൻ സാധിക്കുന്നതും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സാധിക്കുന്നതുമാണ്. സംസ്ഥാനത്തെ പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും, സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും രൂപീകരിക്കുന്നു. പി.എം.സി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റിവ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ് - ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ടി യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പാലിയേറ്റിവ് കെയർ പരിചരണം മെച്ചപ്പെടുത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന, രജിസ്റ്റർ ചെയ്ത പാലിയേറ്റിവ് കെയർ യൂണിറ്റുകളുടെ സെക്രട്ടറി, ഡോക്ടർ എന്നിവരേയും ഈ |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ധരെയും ഈ യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാവുന്നതാണ്. പരിഷ്കരിച്ച പാലിയേറ്റീവ് കെയർ നയം 2019 പ്രകാരം എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് നയം പ്രാവർത്തികമാക്കുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം എല്ലാ സ്ഥാപനങ്ങളിലും ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കാനും സ്ഥാപനതലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്താനും നിർദ്ദേശിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ വർഷത്തിൽ 2 തവണ അവലോകനം ചെയ്യുകയും അവ വിലയിരുത്തുകയും ചെയ്തു വരുന്നുണ്ട്. ഡി എം ഇ തലത്തിലെ പ്രിൻസിപ്പാൾമാരുടെ മീറ്റിംഗിൽ പാലിയേറ്റീവ് കെയർ അജണ്ടയായി ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| (ബി) | പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളെയും ഇതിന്റെ ഭാഗമായുള്ള സന്നദ്ധപ്രവർത്തകരെയും ഏകോപിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | 'പാലിയേറ്റീവ് കെയർ ഗ്രിഡ്' നിലവിൽ വരുന്നതോടെ എല്ലാ രോഗികളെയും സന്നദ്ധ പ്രവർത്തകരെയും രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഓരോ രോഗിയെയും അവർക്ക് ഏറ്റവും പ്രാപ്യമായിട്ടുള്ള സന്നദ്ധ പ്രവർത്തകരുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടിയും പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ സാധ്യമാകുന്നതാണ്. എല്ലാ രോഗികളെയും ഒരു സന്നദ്ധ പ്രവർത്തകന്റെ മേൽനോട്ടത്തിൽ സേവനം ഉറപ്പാക്കുന്നതിലൂടെ രോഗികൾക്ക് 24 മണിക്കൂറും സേവനം ലഭിക്കാൻ സാധിക്കുന്നുണ്ട് എന്നുള്ളതാണ് പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ഒരു പ്രത്യേകത. പാലിയേറ്റീവ് കെയർ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സന്നദ്ധ സംഘടനകളെയും, സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലത്തിലും മറ്റ് തലങ്ങളിലും ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് പാലിയേറ്റീവ് കെയർ ഗ്രിഡ്. പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം നൽകൽ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും നൽകൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകൽ, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ നിർവഹിക്കുന്നത്. സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.കേരളത്തെ ഒരു സമ്പൂർണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സന്നദ്ധ സംഘടനകളെയും, സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലത്തിലും മറ്റ് തലങ്ങളിലും ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള ഗൃഹപരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ രോഗിക്കും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പുവരുത്തേണ്ടതുണ്ട്. പാലിയേറ്റിവ് കെയർ സന്നദ്ധ പ്രവർത്തകരാകുവാൻ താൽപര്യമുള്ളവരെ തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ-സാമൂഹ്യ സംഘടനകളുടെ സഹായത്തോടെ കണ്ടെത്തണം. നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെയെല്ലാം ഇതിനായി പരിഗണിക്കും. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരെ 'പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ' ഭാഗമാക്കി അവരുടെ നാട്ടിലുള്ള രോഗികൾക്ക് വേണ്ട പിന്തുണ നൽകുവാൻ പ്രയോജനപ്പെടുത്തും.

പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളെയും ഇതിന്റെ ഭാഗമായുള്ള സന്നദ്ധ പ്രവർത്തകരെയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സംസ്ഥാന പാലിയേറ്റീവ് കെയർ നയത്തിന്റെ കർമ്മ പദ്ധതിയിൽ നിർദേശിക്കുന്നുണ്ട്. അതിനായി

| | | | |
|---|---|---|---|
| | | | പ്രാഥമിക, ദ്വിതീയ, ത്രിതീയ തലത്തിൽ ട്രെയിനിംഗ് നൽകുന്നതിനായുള്ള സൗകര്യങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയിൽ ഒരുക്കുവാൻ ലക്ഷ്യമിടുന്നു. കമ്മ്യൂണിറ്റിതല പരിശീലന കേന്ദ്രങ്ങൾ വഴി പ്രാഥമിക തലത്തിലുള്ള പരിശീലനം സന്നദ്ധ പ്രവർത്തകർക്കായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി സാന്ത്വന പരിശീലനത്തിൽ ഒരു കൈപ്പുസ്തകം വികസിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ദ്വിതീയതല പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കാനും 5-10 ദിവസത്തെ പരിശീലനം പ്രൊഫഷണൽസിനും സന്നദ്ധ പ്രവർത്തകർക്കും നൽകുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ ത്രിതീയ തലത്തിൽ ഒരു ട്രെയിനിംഗ് സെന്റർ സംസ്ഥാനതലത്തിൽ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയിൽ നിന്നുള്ളവരെ പരിശീലകരായി ഇതിനായി ഉൾപ്പെടുത്തും. പാലിയേറ്റീവ് കെയറിൽ വിവിധ കോഴ്സുകൾ തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | 'പാലിയേറ്റീവ് കെയർ ഗ്രിഡ്' നിലവിൽ വരുന്നതോടെ എല്ലാ രോഗികളെയും സന്നദ്ധ പ്രവർത്തകരെയും രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഓരോ രോഗിയെയും അവർക്ക് ഏറ്റവും പ്രാപ്യമായിട്ടുള്ള സന്നദ്ധ പ്രവർത്തകരുമായി ഏകോപിപ്പിക്കുന്നതിനുള്ള നടപടിയും പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ സാധ്യമാകുന്നതാണ്. എല്ലാ രോഗികളെയും ഒരു സന്നദ്ധ പ്രവർത്തകന്റെ മേൽനോട്ടത്തിൽ സേവനം ഉറപ്പാക്കുന്നതിലൂടെ രോഗികൾക്ക് 24 മണിക്കൂറും സേവനം ലഭിക്കാൻ സാധിക്കുന്നുണ്ട് എന്നുള്ളതാണ് പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ ഒരു പ്രത്യേകത. പാലിയേറ്റീവ് കെയർ രംഗത്തെ ഇതുവരെയുള്ള നേട്ടങ്ങൾ ശക്തിപ്പെടുത്തിയും കൂടുതൽ വിപുലപ്പെടുത്തിയും കേരളത്തെ ഒരു സമ്പൂർണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സന്നദ്ധ സംഘടനകളെയും, സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലത്തിലും മറ്റ് തലങ്ങളിലും ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

കേരളം പാലിയേറ്റീവ് പരിചരണ രംഗത്ത് നടത്തുന്ന സുപ്രധാന ഇടപെടലുകളിലൊന്നാണ് പാലിയേറ്റീവ് കെയർ ഗ്രിഡ്. പുതിയ രോഗികളെ രജിസ്റ്റർ ചെയ്ത് തുടർപരിചരണം നൽകൽ, സന്നദ്ധ പ്രവർത്തകരുടെ രജിസ്ട്രേഷനും പരിശീലനവും നൽകൽ, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകൽ, പൊതുജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ തിരഞ്ഞെടുക്കുവാനുള്ള സൗകര്യം, പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാന, ജില്ലാ, പഞ്ചായത്ത്, വാർഡ് തലങ്ങളിൽ ഡാഷ് ബോർഡ്, പൊതുജനങ്ങൾക്കുള്ള ഡാഷ് ബോർഡ് എന്നിവയാണ് പാലിയേറ്റീവ് കെയർ ഗ്രിഡിലൂടെ നിർവഹിക്കുന്നത്. സംസ്ഥാന ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ അഭിമുഖ്യത്തിലാണ് ഗ്രിഡ് രൂപീകരിച്ചിട്ടുള്ളത്.കേരളത്തെ ഒരു സമ്പൂർണ പാലിയേറ്റീവ് സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ സാമൂഹ്യ-സന്നദ്ധ സംഘടനകളെയും, സന്നദ്ധ പ്രവർത്തകരെയും സർക്കാർ സംവിധാനങ്ങളെയും ഗ്രാമ പഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപറേഷൻ തലത്തിലും മറ്റ് തലങ്ങളിലും ഏകോപിപ്പിച്ച് ആവശ്യമുള്ള എല്ലാവർക്കും മികച്ച പരിചരണം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ വിപുലമായ ക്യാമ്പയിൻആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഗൃഹപരിചരണം ആവശ്യമായ എല്ലാവർക്കും ഗുണമേന്മയുള്ള ഗൃഹപരിചരണം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ ഓരോ രോഗിക്കും പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ പിന്തുണ ഉറപ്പുവരുത്തേണ്ടതുണ്ട്. പാലിയേറ്റിവ് കെയർ സന്നദ്ധ പ്രവർത്തകരാകുവാൻ താൽപര്യമുള്ളവരെ തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ-സാമൂഹ്യ സംഘടനകളുടെ സഹായത്തോടെ കണ്ടെത്തണം. നാഷണൽ സർവീസ് സ്കീം വോളണ്ടിയർമാർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരെയെല്ലാം ഇതിനായി പരിഗണിക്കും. പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരെ 'പാലിയേറ്റീവ് കെയർ ഗ്രിഡിന്റെ' ഭാഗമാക്കി അവരുടെ നാട്ടിലുള്ള രോഗികൾക്ക് വേണ്ട പിന്തുണ നൽകുവാൻ പ്രയോജനപ്പെടുത്തും.

പാലിയേറ്റീവ് കെയർ സ്ഥാപനങ്ങളെയും ഇതിന്റെ ഭാഗമായുള്ള സന്നദ്ധ പ്രവർത്തകരെയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സംസ്ഥാന പാലിയേറ്റീവ് കെയർ നയത്തിന്റെ കർമ്മ പദ്ധതിയിൽ നിർദേശിക്കുന്നുണ്ട്. അതിനായി

| | | | |
|---|---|---|---|
| | | | പ്രാഥമിക, ദ്വിതീയ, ത്രിതീയ തലത്തിൽ ട്രെയിനിംഗ് നൽകുന്നതിനായുള്ള സൗകര്യങ്ങൾ സംസ്ഥാന ആരോഗ്യ വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് എന്നിവയിൽ ഒരുക്കുവാൻ ലക്ഷ്യമിടുന്നു. കമ്മ്യൂണിറ്റിതല പരിശീലന കേന്ദ്രങ്ങൾ വഴി പ്രാഥമിക തലത്തിലുള്ള പരിശീലനം സന്നദ്ധ പ്രവർത്തകർക്കായി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി സാന്ത്വന പരിശീലനത്തിൽ ഒരു കൈപ്പുസ്തകം വികസിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ദ്വിതീയതല പരിശീലന കേന്ദ്രങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ ആരംഭിക്കാനും 5-10 ദിവസത്തെ പരിശീലനം പ്രൊഫഷണൽസിനും സന്നദ്ധ പ്രവർത്തകർക്കും നൽകുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ ത്രിതീയ തലത്തിൽ ഒരു ട്രെയിനിംഗ് സെന്റർ സംസ്ഥാനതലത്തിൽ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവയിൽ നിന്നുള്ളവരെ പരിശീലകരായി ഇതിനായി ഉൾപ്പെടുത്തും. പാലിയേറ്റീവ് കെയറിൽ വിവിധ കോഴ്സുകൾ തുടങ്ങുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ